പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1642 18/06/2012 - ൽ മറുപടിക്ക്

## വൈപ്പിൻ-തീരദേശ റോഡ് വികസന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എസ്. ശർമ്മ: | | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീരദേശ റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശറോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി, കുഴുപ്പള്ളി, പള്ളിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകളിലെ 7 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (ബി) പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുകയെത്ര എന്നും ഓരോ പ്രവൃത്തികളും എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ; | (ബി) | ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. പ്രവൃത്തികൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാവുന്നതാണ്. |
| (സി) പൂർണ്ണമായും തീരദേശ മണ്ഡലമായ വൈപ്പിനിലെ റോഡ് വികസന പ്രവൃത്തികൾക്ക് കൂടുതൽ തുക അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>ലിസ്റ്റ്</u>

<u>തീരദേശ റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ ലിസ്റ്റ്</u>

| ക്രമ നം. | റോഡിന്റെ പേര് | പഞ്ചായത്ത് | ഭരണാനുമതി തുക ലക്ഷത്തിൽ | റിമാർക്സ് |
|---|---|---|---|---|
| 1 | ഇന്ദിരാജി റോഡ് - കടമക്കുടി നോർത്ത് ജെട്ടി ഇൻ വലിയ കടമക്കുടി | കടമക്കുടി പഞ്ചായത്ത് | 37.20 | നിർമ്മാണകാലാവധി - 8 മാസം |
| 2 | തറവട്ടം - കായലോരം റോഡ് | കുഴുപ്പിള്ളി പഞ്ചായത്ത് | 43.50 | നിർമ്മാണകാലാവധി - 8 മാസം |
| 3 | ജനതാ റോഡ് | കുഴുപ്പിള്ളി പഞ്ചായത്ത് | 11.50 | നിർമ്മാണകാലാവധി - 4 മാസം |
| 4 | മഹാത്മാ ഗാന്ധി റോഡ് | പള്ളിപ്പുറം പഞ്ചായത്ത് | 10.80 | നിർമ്മാണകാലാവധി - 4 മാസം |
| 5 | ജനതാറോഡ്-ലക്ഷംവീട് കോളനി റോഡ് | പള്ളിപ്പുറം പഞ്ചായത്ത് | 21.80 | നിർമ്മാണകാലാവധി - 7 മാസം |
| 6 | ശ്രീവരാഹം റോഡ് | പള്ളിപ്പുറം പഞ്ചായത്ത് | 28.50 | നിർമ്മാണകാലാവധി - 8 മാസം |
| 7 | ഝാൻസിറാണി മഹിളാസമാജം നെൽസൺ മണ്ടേല റോഡ് | പള്ളിപ്പുറം പഞ്ചായത്ത് | 18.50 | നിർമ്മാണകാലാവധി - 6 മാസം |
| | ആകെ | | 171.80 ലക്ഷം | |

സെക്ഷൻ ഓഫീസർ